**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** **15-03-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് വാഹനങ്ങളുടെ റോഡ് നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് വാഹന ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | കോവിഡ് പ്രതിസന്ധി എല്ലാ മേഖലയിലും പ്രതികൂലാവസ്ഥ സൃഷ്ടിച്ചതിനാൽ ഈ രംഗത്തും ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. നിയമ പ്രകാരമുള്ള സമയപരിധിക്കകം നികുതി ഒടുക്കിയിട്ടില്ലെങ്കിൽ മാത്രമാണ് ഫൈനും പിഴയും ഈടാക്കേണ്ടി വരുന്നത്. റോഡ് നികുതി പിരിച്ചെടുക്കാൻ പുതുതായി ഫൈനും അനുബന്ധ പിഴകളും ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | റോഡ് നികുതി പിരിച്ചെടുക്കാൻ ഫൈനും അനുബന്ധ പിഴകളും ഏർപ്പെടുത്തിയതുമൂലം വാഹന ഉടമകൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് പ്രതിസന്ധി എല്ലാ മേഖലയിലും പ്രതികൂലാവസ്ഥ സൃഷ്ടിച്ചതിനാൽ ഈ രംഗത്തും ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. നിയമ പ്രകാരമുള്ള സമയപരിധിക്കകം നികുതി ഒടുക്കിയിട്ടില്ലെങ്കിൽ മാത്രമാണ് ഫൈനും പിഴയും ഈടാക്കേണ്ടി വരുന്നത്. റോഡ് നികുതി പിരിച്ചെടുക്കാൻ പുതുതായി ഫൈനും അനുബന്ധ പിഴകളും ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | മാർച്ച് 31 വരെയുള്ള അവസാനപാദ റോഡ് നികുതി അടയ്ക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകാനും ഫൈനും മറ്റ് പിഴയും ഒഴിവാക്കി നികുതി ഗഡുക്കളായി അടയ്ക്കാനുമുള്ള ടൂറിസ്റ്റ് ബസ് ഉടമകളുടെ അഭ്യർത്ഥനയിൽ സഹായകരമായ നടപടികൾ ഉണ്ടാവുമോ; വിശദമാക്കാമോ? | (സി) | ടൂറിസ്റ്റ് ബസ് ഉടമകൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ നികുതി കുടിശ്ശിക പിഴ സഹിതം മാസ തവണകളായി അടയ്ക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ